# 2004-ലെ കെ.സി.ബി.സി. മാധ്യമ അവാർഡുകൾ

കേരള കാത്തലിക് ബിഷപ്സ് കൗൺസിലിന്റെ 2004 -ലെ മാധ്യമ അവാർഡുകൾക്ക് പാലാ കെ.എം. മാത്യു (സാഹിത്യ അവാർഡ്), ഡോ. ബാബു പോൾ (സംസ്കൃതി പുരസ്കാരം) ജോസ് പനച്ചിപ്പുറം (മാധ്യമ അവാർഡ്) പീറ്റർ ചേരാനല്ലൂർ (ബിഷപ്പ് മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി യുവ പ്രതിഭാ അവാർഡ്) എന്നിവർ അർഹരായി.

**പാലാ കെ.എം. മാത്യു :**



മലയാള സാഹിത്യത്തിന് ശ്രീ. പാലാ കെ.എം. മാത്യു നൽകിയിട്ടുള്ള സമഗ്രസംഭാവനകൾ കണക്കിലെടുത്തും, ബാലസാഹിത്യരംഗത്ത് പ്രത്യേകമായി ചെയ്തിട്ടുള്ള സേവനങ്ങൾ പരിഗണിച്ചുമാണ് ഈ അവാർഡ് നൽകുന്നത്.

**ഡോ. ബാബു പോൾ :**



കത്തോലിക്കേതര സാഹിത്യകാരന്മാർക്കായി കെ.സി.ബി.സി. ഏർപ്പെടുത്തിയിട്ടുള്ള സംസ്കൃതി പുരസ്കാരം ഡോ. ബാബു പോളിന്റെ വേദശബ്ദരത്നാകരം എന്ന പുസ്തകത്തെ പുരസ്കരിച്ച് അദ്ദേഹത്തിന് നൽകുവാൻ തീരുമാനിച്ചു.

**ജോസ് പനച്ചിപ്പുറം :**



ദീർഘകാലമായി മലയാള പത്രപ്രവർത്തനരംഗത്ത് നൽകിയിട്ടുള്ള അമൂല്യ സംഭാവനകൾ പരിഗണിച്ച് ഈ വർഷത്തെ കെ.സി.ബി.സി. മാധ്യമ അവാർഡ് മലയാള മനോരമ ചീഫ് ന്യൂസ് എഡിറ്റർ ജോസ് പനച്ചിപ്പുറത്തിനാണു നല്കുന്നത്.

**പീറ്റർ ചേരാനെല്ലൂർ :**



ക്രൈസ്തവ ഭക്തി സംഗീതരംഗത്ത് ഇതിനകം നൽകിയിട്ടുള്ള ശ്രദ്ധേയമായ സംഭാവനകൾ പരിഗണിച്ച് 2004-ലെ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി സ്മാരക യുവപ്രതിഭാ പുരസ്കാരം ശ്രീ. പീറ്റർ ചേരാനല്ലൂരിന് നൽകാൻ തീരുമാനിച്ചു.

സാഹിത്യ അവാർഡിനും സംസ്കൃതി പുരസ്കാരത്തിനും 15000 രൂപയും പ്രശസ്തിപത്രവും ശിൽപവും, മാധ്യമ അവാർഡിന് 10000 രൂപയും പ്രശസ്തിപത്രവും ശിൽപവും, യുവപ്രതിഭാ അവാർഡിന് 5000 രൂപയും പ്രശസ്തി പത്രവും ശിൽപവുമാണ് നൽകുന്നത്.

ബിഷപ് മാർ തോമസ് ചക്യത്ത് (ചെയർമാൻ) ഡോ. പോൾ തേലക്കാട്ട്, ഡോ. കുര്യാസ് കുമ്പളക്കുഴി, ഡോ. ചെറിയാൻ കുനിയന്തോടത്ത്, സിപ്പി പള്ളിപ്പുറം, സി.എൽ. ജോസ്, ഡോ. സക്കറിയാസ് പറനിലം എന്നിവരടങ്ങിയ കമ്മറ്റിയാണ് അവാർഡ് ജേതാക്കളെ തെരഞ്ഞെടുത്തത്.

ഫെബ്രുവരി അവസാനം കെ.സി.ബി.സി. ആസ്ഥാനമായ പാലാരിവട്ടം പി.ഒ.സി.യിൽവച്ചു നടക്കുന്ന ചടങ്ങിൽ അവാർഡുകൾ നൽകുന്നതാണെന്ന് മാധ്യമ കമ്മീഷൻ സെക്രട്ടറി ഫാ. ദേവസി കൊല്ലംകുടിയിൽ അറിയിച്ചു.

## ഗാനരചനാമത്സരത്തിൽ ശ്രീ. ജോർജ്ജ് പാഞ്ഞാറ സമ്മാനാർഹനായി



അമേരിക്കയിലെ ഫിലാഡൽഫിയ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഡിവൈൻ സിംഗേഴ്സിന്റെ കേരള ചാപ്റ്റർ നടത്തിയ പ്രായഭേദമന്യേയുള്ള ഗാനരചനാ മത്സരത്തിൽ പങ്കെടുത്ത് 421 പേരിൽ ശ്രീ. ജോർജ്ജ് പാഞ്ഞാറ ഒന്നാം സ്ഥാനത്തെത്തി. അദ്ദേഹം രചിച്ച **'രക്തസ്വേദമൊഴുക്കിയോ നീ മുക്തിദായകനേ'** എന്ന ഗാനമാണ് സമ്മാനാർഹമായത്.

4-1-20054-ലെ തിരുവനന്തപുരത്ത് (കഴക്കൂട്ടം) അശ്വതി ഗാർഡൻസിൽ നടന്ന ചടങ്ങിൽ മന്ത്രി ബാബു ദിവാകരൻ എം.എൽ.എ., എം. മുരളി, സൂര്യാ കൃഷ്ണമൂർത്തി, നടൻ പ്രകാശ് പോൾ എന്നിവർ സന്നിഹിതരായിരുന്നു. അദ്ധ്യക്ഷൻ പ്രകാശ്പോൾ സമ്മാനത്തുക 10000/-രൂപയും ഫലകവും പാഞ്ഞാറയ്ക്കു നല്കി ആദരിച്ചു.

കർണ്ണാടക സംഗീതം ക്രിസ്തീയ വിശ്വാസവുമായി ബന്ധപ്പെടുത്തി ശ്രീ. പാഞ്ഞാറ ഇരുന്നൂറോളം കൃതികൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. നിതാന്തസ്നേഹം, ക്രൈസ്തവശാസ്ത്രീയസംഗീതം എന്നിങ്ങനെ രണ്ടുകസെറ്റുകളായി സി.എ.സി.യിൽനിന്നും ക്രിസ്ത്യൻ മ്യൂസിക്കോളജിക്കൽ സൊസൈറ്റിയിൽനിന്നും ഏതാനും കൃതികൾ പ്രകാശനം ചെയ്തിട്ടുണ്ട്. ധാരാളം വേദികളിൽ ക്രൈസ്തവ ശാസ്ത്രീയ സംഗീതകച്ചേരികൾ പാടിയിട്ടുള്ള ജോർജ്ജ് പാഞ്ഞാറ,ഇനിയും ക്രൈസ്തവസമൂഹം ഈ നാടിന്റെ തനിമയാർന്ന സംഗീതരൂപത്തോടു കാണിക്കുന്ന അവഗണനയിൽ അതിയായ ഖേദമുണ്ടെന്ന് മറുപടിപ്രസംഗത്തിൽ പറയുകയുണ്ടായി.



christianmusicologicalsocietyofindia.com